LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന്റെ സഹായത്തോടെയുള്ള റോഡുകളും പാലങ്ങളും

125 [2196] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നബാർഡിന്റെ സഹായത്തോടെ എത്ര പാലങ്ങളുടേയും റോഡുകളുടേയും പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്;

(ബി) അവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) നബാർഡ് സഹായത്തോടെ ഇനിയും നടപ്പിലാക്കാനുദ്ദേശിക്കുന്ന റോഡുകളുടേയും മേൽപ്പാലങ്ങളുടേയും ജില്ല തിരിച്ചുള്ള പട്ടിക വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമാരമത്ത് വകുപ്പിൽ 271 പാലങ്ങൾക്കും 127 റോഡുകൾക്കും നബാർഡ് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

നബാർഡിൽ നിന്നുള്ള സാമ്പത്തിക സാഹായം

126 [2197] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷം നബാർഡിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2004 വർഷത്തെ റേറ്റിൽ ടെണ്ടർ ചെയ്യണമെന്ന സർക്കാരിന്റെ നിബന്ധനകാരണം നബാർഡിന്റെ സഹായത്തിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.